പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5935 — 09.07.2012 - ൽ മറുപടിക്ക്

## ആലപ്പുഴ നഗരസഭയിലെ പള്ളാത്തുരുത്തി എയ്ഡ് പോസ്റ്റ് പാലത്തിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആലപ്പുഴ നഗരസഭയിലെ പള്ളാത്തുരുത്തി എയ്ഡ് പോസ്റ്റ് പാലത്തിന്റെ നിർമ്മാണം ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് പറയുമോ; | (എ)<br>&<br>(ബി) | ആലപ്പുഴ നഗരസഭയിലെ പള്ളാത്തുരുത്തി എയ്ഡ് പോസ്റ്റ് പാലത്തിന് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് ശ്രീ.സി.ജെ.ജോസഫ് എന്ന വ്യക്തിയുടെ ടെണ്ടർ 30% അധികരിച്ച നിരക്കിൽ അംഗീകരിച്ച് സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും ടി വ്യക്തി എഗ്രിമെന്റ് വച്ച് പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറായില്ല. ആയതിനാൽ ടി കരാർ റദ്ദു ചെയ്തു. |
| (ബി) | ഭരണാനുമതി ലഭിച്ചിട്ടും നിർമ്മാണ പ്രവർത്തനം നടത്താൻ കഴിയാത്തതിനുള്ള കാരണം വിശദമാക്കുമോ; | | |
| (സി) | പുതുക്കിയ ഭരണാനുമതിക്ക് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നോ; ഇതിന്മേൽ എന്തു നടപടി സ്വീകരിച്ചു; | (സി) | പുതുക്കിയ ഭരണാനുമതി നൽകുന്നതിനായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 42 ലക്ഷം രൂപയുടെ പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (ഡി) | ഏതു പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് പാലത്തിന്റെ നിർമ്മാണത്തിനുള്ള ഫണ്ട് അനുവദിച്ചിരിക്കുന്നതെന്ന് അറിയിക്കുമോ; | (ഡി) & (ഇ) | സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി പാലം നിർമ്മിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. ഈ വർഷത്തെ ബഡ്ജറ്റിൽ ടി പാലം നിർമ്മാണത്തിനായി ഒരു ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ഇ) | ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഈ പാലത്തിന്റെ നിർമ്മാണത്തിന് ഫണ്ട് വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനാവശ്യമായ തുക കണ്ടെത്തി പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ